153 (710) ചാവക്കാട് നഗരസഭ സ്ഥലം വാങ്ങിയ നടപടി

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് നഗരസഭ മത്സ്യ മാർക്കറ്റ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ തുടങ്ങുന്നതിനുവേണ്ടി സ്ഥലം വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളുള്ളതായും അഴിമതി നടന്നതായും സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കാട്ടേഷനുകൾ ലഭിച്ചിരുന്നുവോ എന്നും എത്ര കാട്ടേഷൻ ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(സി) മത്സ്യമാർക്കറ്റിനെടുത്ത സ്ഥലം തീരദേശസംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ടതും, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനെടുത്ത സ്ഥലം ഉപ്പുവെള്ളപ്രദേശമാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാട്ടേഷൻ പ്രകാരം അപേക്ഷ സമർപ്പിച്ചവരുടെ കൈവശം ഉള്ള ഭൂമിതന്നെയാണോ ഈ ആവശ്യങ്ങൾക്കായി നഗരസഭ വാങ്ങിയത് എന്നു വ്യക്തമാക്കുമോ;

(ഇ) നഗരസഭ ഭൂമി വാങ്ങിയത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ സർക്കാർ എന്ത് നടപടിയാണു സ്വീകരിച്ചത് എന്നും ഇപ്പോഴത്തെ അവസ്ഥയും അറിയിക്കുമോ;

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) മത്സ്യമാർക്കറ്റിനുവേണ്ടിയുള്ള സ്ഥലത്തിന് ഒരു കാട്ടേഷനും. വ്യവസായ എസ്റ്റേറ്റിനുവേണ്ടി മൂന്നു കാട്ടേഷനും ലഭിച്ചിരുന്നു.

(സി) മത്സ്യമാർക്കറ്റിനെടുത്ത സ്ഥലം തീരദേശസംരക്ഷണ നിയമപ്രകാരം നഗരസഭ പ്രദേശത്ത് സി.ആർ.ഗ്രേഡ്-2-ൽ ഉളവുചെയ്ത ഭാഗത്തുള്ളതും, മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള സ്ഥലം ഉപ്പുവെള്ളം കയറാത്തതുമാണ്.

(ഡി) കാട്ടേഷൻപ്രകാരം മത്സ്യമാർക്കറ്റിനുവേണ്ടി മണത്തല വില്ലേജിലെ 290/1 സർവ്വേ നമ്പരിലെയും മിനി വ്യവസായ എസ്റ്റേറ്റിനുവേണ്ടി മണത്തല വില്ലേജിലെ റീസർവ്വേ നമ്പർ 321/2 എന്നീ സർവേ നമ്പരുകളിലും പെട്ട ഭൂമി നിയമാനുസൃത ക്രയവിക്രയാധികാരമുള്ളവരിൽനിന്ന് തന്നെയാണ് വാങ്ങിയിട്ടുള്ളത്.

(ഇ) ഇക്കാര്യത്തിൽ സർക്കാരിന് ലഭിച്ച പരാതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുഖേന അന്വേഷണം നടത്തിയതിനു പുറമെ ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. 16397/99 തീയതിയിലെ വിധിന്യായപ്രകാരം ബന്ധപ്പെട്ടവരെ 22.11.1999ൽ നേരിൽ കേൾക്കുകയും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലം വാങ്ങിയതിൽ ദുരുദ്ദേശം ഇല്ലെന്നും പരാതി നിലനിൽക്കത്തക്കതല്ലെന്നും കണ്ടെത്തുകയുണ്ടായി.

154 (711) നഗരസഭ വാങ്ങുന്ന ഭൂമികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ്

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭ വാങ്ങുന്ന ഭൂമികൾക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആരെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത് എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചാവക്കാട് നഗരസഭ മത്സ്യമാർക്കറ്റ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ നടത്തുന്നതിനുവേണ്ടി ഭൂമി വാങ്ങിയത് തൃശ്ശൂർ ജില്ലാ കളക്ടർ നിശ്ചയിച്ച വാല്യുവേഷൻ തുകയേക്കാൾ അധികരിച്ച തുകയാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലാ കളക്ടർ നിശ്ചയിച്ചതിനേക്കാൾ എത്ര ശതമാനം കൂടിയ തുകയ്ക്കാണ് സ്ഥലം നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം കൂടിയ തുകയ്ക്ക് സ്ഥലം എടുക്കണമെങ്കിൽ നഗരസഭകളുടെ ഐകൃകണ്ഠേനയുള്ള തീരുമാനം ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ചാവക്കാട് നഗരസഭ ഐകൃകണ്ഠേനയാണോ തീരുമാനം പാസ്സാക്കിയത് എന്ന് അറിയിക്കുമോ; ഈ തീരുമാനത്തിനെതിരെ കൗൺസിലിൽ വിയോജിപ്പു രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ബന്ധപ്പെട്ട ജില്ലാകളക്ടർമാരെയാണ് ഭൂമിയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനു അധികാരപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) 20.94% കൂടിയ തുകയ്ക്ക്

(ഡി) നഗരസഭകൾ സ്ഥലം വാങ്ങുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് (പി.18/98/തഭവ. തീയതി.22.1.1998ലെ ഖണ്ഡിക 4(V)ലെ നിർദ്ദേശ പ്രകാരം ജില്ലാകളക്ടർ നിശ്ചയിച്ച വിലയേക്കാൾ അധികരിച്ച തുകയ്ക്ക് സ്ഥലം വാങ്ങുന്നതിന് ബന്ധപ്പെട്ട നഗരസഭയുടെ ഐകൃകണ്ഠേനയുള്ള കൗൺസിൽ തീരുമാനം ആവശ്യമാണ്.

(ഇ) ഐകൃകണ്ഠേനയാണ് ഇക്കാര്യത്തിൽ കൗൺസിൽ തീരുമാനം പാസ്സാക്കിയത്. വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

മി. സ്പീക്കർ : അടിയന്തിരപ്രമേയം സംബന്ധിച്ച ഒരു നോട്ടീസ് ചെയറിനു ലഭിച്ചിട്ടുണ്ട്. ശ്രീ.ജി. കാർത്തികേയൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ കൊല്ലം എസ്.എൻ.കോളേജിലെ വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളതാണ്. ഇത് ഒരു പ്രധാന വിഷയമായി ഇവിടെ ഉന്നയിക്കാവുന്നതാണ്. ഈ പ്രശ്നം ഈ സമ്മേളനത്തിന്റെ ആദ്യത്തെ ദിവസം തന്നെ സ്ഥലം എം.എൽ.എ കൂടിയായ ശ്രീ. ബാബു ദിവാകരൻ ഇവിടെ ഉന്നയിച്ചു. വീണ്ടും പ്രശ്നമുണ്ട്. അതുകൊണ്ട് ഒരു പ്രധാന പ്രശ്നമായി അങ്ങേയ്ക്ക് ഉന്നയിക്കാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, അങ്ങയുടെ റൂളിംഗിലുള്ള പ്രതിഷേധമല്ല. കഴിഞ്ഞ നാലു മാസക്കാലമായി കേരളത്തിലെ ഏറ്റവും നല്ല ഒരു കോളേജിൽ മഹാനായ സർ, ശങ്കർ പിടിയരി പിരിച്ചും മറ്റുമെല്ലാമുണ്ടാക്കിയ ആ കോളേജിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. നാലായിരത്തി അഞ്ഞൂറു കുട്ടികളുടെ ഭാവി അപകടത്തിലാണ്. അതുകൊണ്ട് ഈ പ്രശ്നത്തിൽ ഗവൺമെന്റ് കാണിക്കുന്ന കുറ്റകരമായ അനാസ്ഥ സഭയിൽ ചർച്ച ചെയ്യാൻ സാധിക്കാത്തതിൽ ഞങ്ങൾക്ക് വിഷമമുണ്ട്. അങ്ങയുടെ നിലപാടിൽ ഞങ്ങൾക്ക് പ്രതിഷേധമില്ല. പക്ഷെ, ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചുവരികയും ചെയ്തു.)

II. ശ്രദ്ധക്ഷണിക്കൽ

(1) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി.എസ്. സുപാൽ : സർ, കേരളത്തിലെ തോട്ടം തൊഴിലാളികളുടെ ശമ്പളവർദ്ധനവിനെക്കുറിച്ചുള്ള ആവശ്യത്തിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. കേരളത്തിലെ റബർ, തേയില, ഏലം, കാപ്പി തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടേയും മറ്റു ജീവനക്കാരുടേയും സേവന-വേതന കരാറിന്റെ കാലാവധി അവസാനിച്ചിരിക്കുകയാണ്.

മി. സ്പീക്കർ : ഇപ്പോൾ ഉണ്ടായതാണ്. ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസു കിട്ടി. ചെയർ അതു പരിശോധിച്ചു. ചെയറിന്റെ ഡിസ്ക്രീഷൻ അനുസരിച്ച് റൂൾ ചെയ്തു. മറ്റൊന്നും ഉണ്ടായിട്ടില്ല. മറ്റൊന്നും ചെയർ കേട്ടിട്ടുമില്ല. അങ്ങനെയൊരു നിലപാടിൽ ചെയറിന്റെ റൂളിംഗിനെ മാനിക്കാതെ ഉണ്ടായ വികാരപ്രകടനം നമ്മുടെ സഭയുടെ കീഴ് വഴക്കങ്ങൾക്ക് യോജിച്ചതല്ല എന്ന് വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നു. ഈ പ്രശ്നം തന്നെ ഒരു പ്രധാന പ്രശ്നമായി ഉന്നയിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. അപ്പോഴാണ് സർക്കാരിന്റെ നിലപാട് അറിയാൻ കഴിയുന്നത് സർക്കാരിന്റെ നിലപാട് എന്താണെന്ന് ആ സമയത്തേ അറിയാൻ കഴിയൂ. സർക്കാരിന്റെ നിലപാട് എന്താണെന്ന് ചെയർ ചോദിച്ചിട്ടില്ല. പറയാൻ അനുവദിച്ചിട്ടുമില്ല. ആ സമയത്തു വിനിയോഗിക്കേണ്ട ഒരവസരം അനവസരത്തിൽ ഇവിടെ ഉപയോഗിച്ചത് ദൗർഭാഗ്യകരമാണെന്നു പറയാൻ ചെയർ ആഗ്രഹിക്കുന്നു.

ശ്രീ. പി.എസ്. സുപാൽ : സർ, വേതന കരാറിന്റെ കാലാവധി 1999 മാർച്ച് 31-ന് അവസാനിച്ചു. കേരളത്തിലെ മൂന്നു ലക്ഷത്തോളം വരുന്ന തോട്ടം തൊഴിലാളികളുടെ പ്രശ്നം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ പല പ്രാവശ്യം ചർച്ച ചെയ്തിട്ടും തോട്ടം ഉടമകളുടെ പിടിവാശിമൂലം ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും തോട്ടം തൊഴിലാളികളുടെ വേതനം കുത്തനെ ഉയർത്തിയിട്ടും അതൊന്നും കാണാതെ കേരളത്തിലെ തോട്ടം ഉടമകൾ നിസ്സഹകരണ നയമാണ് സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ ഒരു വർഷത്തിനിടയിൽ രണ്ടു തവണ ശമ്പള വർദ്ധനവ് നടത്തുകയുണ്ടായി. അതുപോലെതന്നെ മറ്റൊരു സംസ്ഥാനമായ ആസ്സാമിലെ തേയില തോട്ടം തൊഴിലാളികളുടെ നിലവിലുള്ള ശമ്പളത്തിൽ 10 രൂപയുടെ വർദ്ധനവിനു പുറമേ ഓരോ ആഴ്ചയിലെയും ഒഴിവുദിനത്തിലെ ശമ്പളവും നൽകാൻ തീരുമാനമെടുക്കുകയുണ്ടായി. കേരളത്തിലെ തോട്ടം തൊഴിലാളികൾക്ക് നിയമമനുസരിച്ച് പല ആനുകൂല്യങ്ങൾക്കും അവകാശമുണ്ട്. തോട്ടം തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കാനുള്ള പൂർണ്ണചെലവും വഹിക്കാൻ നിയമമനുസരിച്ച് ഉടമകൾ ബാദ്ധ്യസ്ഥരാണ്. എന്നാൽ പകുതിയിൽ കൂടുതൽ തൊഴിലാളികളുടെയും വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല. പാർപ്പിട സൗകര്യം വൈദ്യസഹായം തുടങ്ങിയ പല കാര്യങ്ങളിലും നിയമമനുശാസിക്കുന്ന വിധത്തിൽ ഉടമകൾ പ്രവർത്തിക്കുന്നില്ല. ഇത്തരത്തിലുള്ള നിരവധി പോരായ്മകളുണ്ടെങ്കിലും തൊഴിലാളികളുടെ മാനേജുമെന്റും സഹകരിച്ചുകൊണ്ട് ഉല്പാദനക്ഷ

LIBRARY ARCHIVES Kerala Legislative Assembly